## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4119** | **24.10.2016-ന് മറുപടിക്ക്**

### കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഭവനനിർമ്മാണ അനുമതി ലഭിക്കുന്നതിനായി എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണമാണ് ഇനിയും പരിഹരിക്കപ്പെടാതെ കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;<br>(ബി) എന്നുമുതലുള്ള അപേക്ഷകളാണ് ഇവയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | വിവരം ശേഖരിച്ചു നല്കുന്നതാണ്. |
| (സി) കേരള തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് പ്രശ്നപരിഹാരം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(ഡി) മുൻഗണനാക്രമം തെറ്റിച്ചുകൊണ്ട് ഏതെങ്കിലും അപേക്ഷകൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;<br>(ഇ) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ ലഭിച്ച അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിച്ച് തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി), (ഡി) & (ഇ) | അപേക്ഷകൾ മുൻഗണനാക്രമം പാലിച്ചാണ് പരിഗണിക്കുന്നത്. പുതിയ അതോറിറ്റി നിലവിൽ വന്നതിനുശേഷം 04/08/2016, 03/09/2016, 20/09/2016, 15/10/2016 എന്നീ തീയതികളിൽ അതോറിറ്റി യോഗം കൂടുകയും 400-ഓളം ഫയലുകളിൽ തീർപ്പു കൽപ്പിക്കുകയും ചെയ്തു. കാലതാമസം ഒഴിവാക്കുന്നതിനായി പരമാവധി യോഗങ്ങൾ കൂടി കേസുകൾ തീർപ്പാക്കുവാൻ അതോറിറ്റി നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ